2023
DECEMBER
30
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## പുതുവത്സരാഘോഷം: മറൈൻ ഡ്രൈവിൽ ലൈറ്റ് ഷോ



കൊച്ചി: പുതുവത്സരത്തെ വരവേൽക്കാനായി ടൂറിസം വകുപ്പിൻറെ ആഭിമുഖ്യത്തിൽ കൊച്ചിയിലെ മറൈൻ ഡ്രൈവിലും പരിസരത്തും ഒരാഴ്ച നീണ്ടുനിൽക്കുന്ന വർണ വിളക്കുകളുടെ ദൃശ്യവിരുന്ന് ഒരുക്കുന്നു. ഇന്ന് വൈകുന്നേരം ആറിന് മറൈൻ ഡ്രൈവിൽ പൊതുമരാമത്ത്ടൂറിസം വകുപ്പ് മന്ത്രി പി.എ മുഹമ്മദ് റിയാസ് ലൈറ്റ് ഷോ ഉദ്ഘാടനം ചെയ്യും. എറണാകുളം ജില്ലയിൽ ആദ്യമായാണ് ഇത്തരത്തിൽ ദീപാലങ്കാരങ്ങളുടെ മഴവിൽ വസന്തം സംഘടി പ്പിക്കുന്നത്.ഇലുമിനേറ്റിങ് ജോയ് സ്പ്രെഡിങ് ഹാർമണി എന്ന പേരിൽ ഡിസംബർ 30 മുതൽ ജനുവരി അഞ്ച് വരെയാണ് കണ്ണഞ്ചിപ്പിക്കുന്ന വർണക്കാഴ്ച ഒരുക്കിയിരി ക്കുന്നത് .വ്യവസാ യനിയമ വകുപ്പ് മന്ത്രി പിരാജീവ് ചടങ്ങിൽ അദ്ധ്യക്ഷത വഹിക്കും. മേയർ എം. അനിൽകുമാർ മുഖ്യാതിഥി ആയിരിക്കും. എറണാകുളം എംഎൽഎ ടി ജെ വിനോദ്, ജില്ലാ കളക്ടർ എൻ എസ്കെ ഉമേഷ്, ടൂറിസം ഡയറക്ടർ പി ബി നൂഹ്, ജിസിഡിഎ ചെയർമാൻ കെ ചന്ദ്രൻപിള്ള, ടൂറിസം വകുപ്പ് ജോയിൻറ് ഡ റക്ടർ ഹുസൈൻ എം, കൊ ച്ചി നഗരസഭ കൗൺസിലർമാരായ പത്മജ മേനോൻ, മനു ജേക്കബ്, മിനി ദിലീപ് തുടങ്ങിയവർ പങ്കെടുക്കും.സന്തോഷത്തോടും ഐക്യത്തോടും ആനന്ദത്തിമിർപ്പോടെ പുതുവത്സരത്തെ സ്വീകരിക്കാൻ കൊച്ചി നിവാസികൾക്ക് വർണക്കാഴ്ചകളുടെ ഈ ആഘോഷരാവുകൾ വേദിയൊരുക്കും. കുടുംബ സമേതവും സുഹൃത്തുക്കൾക്കൊപ്പവും ദീപാലങ്കാരങ്ങളുടെ പ്രഭചൊരിയുന്ന വീഥിയിൽ ഒത്തുചേരുന്നതിനും കണ്ണഞ്ചിപ്പിക്കുന്ന കാഴ്ചകൾ ആസ്വദിച്ച് ആശംസകൾ കൈമാറുന്നതിനും ഇവിടെ സുവർണാവസരം ഉണ്ടായിരിക്കും.

### സംരംഭകവർഷം പദ്ധതി :

## സംരംഭങ്ങൾ രണ്ട് ലക്ഷം കവിഞ്ഞു


**തിരുവനന്തപുരം:** കേരളത്തിന്റെ സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിക്കുന്നതിനായി വ്യവസായ വകുപ്പ് ആവിഷ്കരിച്ച സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി പുതുതായി നിലവിൽ വന്ന സംരംഭങ്ങളുടെ എണ്ണം രണ്ട് ലക്ഷം കവിഞ്ഞു. പദ്ധതി ആരംഭിച്ച 2022 ഏപ്രിൽ ഒന്നു മുതൽ 2023 ഡിസംബർ 29 വരെ 2,01,518 സംരംഭങ്ങൾ സംസ്ഥാനത്ത് പുതുതായി ആരംഭിച്ചതായി വ്യവസായ മന്ത്രി പി. രാജീവ് വാർത്താസമ്മേളനത്തിൽ അറിയിച്ചു.12,537 കോടി രൂപയുടെ നിക്ഷേപവും 4,30,089 തൊഴിലുമാണ് പദ്ധതിയുടെ ഭാഗമായി ഉണ്ടായത്. പുതുതായി ആരംഭിച്ച സംരംഭങ്ങളിൽ മൂന്നിലൊന്നും (64,127) വനിതാ സംരംഭകരുടേതാണ്. പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപ്പെട്ട സംരംഭകരുടെ 8,752 സംരംഭങ്ങളും ഇതിൽ ഉൾപ്പെടുന്നു. 2022 23ൽ ആവിഷ്കരിച്ച പദ്ധതി സംരംഭക വർഷം 2.0 എന്ന പേരിലാണ് ഈ സാമ്പത്തിക വർഷം തുടർന്നത്. ഇതിന്റെ ഭാഗമായി 2023 ഏപ്രിൽ ഒന്നു മുതൽ ഇതുവരെ 61,678 പുതിയ സംരംഭങ്ങൾ രജിസ്റ്റർ ചെയ്തു. 4115 കോടി രൂപയുടെ നിക്ഷേപവും 1,30,038 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടതായും മന്ത്രി പറഞ്ഞു.ഒരു ലക്ഷം സംരംഭങ്ങൾ സൃഷ്ടിക്കാൻ ലക്ഷ്യമിട്ട ആദ്യ വർഷം (202223) മാത്രം 1,39,817 സംരംഭങ്ങളാണ് നിലവിൽ വന്നത്. 8422 കോടി രൂപയുടെ നിക്ഷേപവും 3,00,051 തൊഴിലും ആദ്യ വർഷം ഉണ്ടായി.സംരംഭകർക്കാവശ്യമായ സഹായങ്ങൾ നല്കുന്നതിനായി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും 1153 പ്രൊഫഷണലുകളെയാണ് നിയമിച്ചത്. സംസ്ഥാനത്തെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചു. വിവിധ വകുപ്പുകളുടെ



നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ ആരംഭിച്ചതായും മന്ത്രി പറഞ്ഞു. വ്യവസായ വകുപ്പിനു കീഴിലെ 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റി. എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും നാല് ശതമാനം പലിശയ്ക്ക് വായ്പ നൽകുവാൻ സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുമായി ചേർന്ന് കേരള എന്റർ പ്രൈസസ് ലോൺ (KELS) അവതരിപ്പിച്ചു. എല്ലാ ജില്ലകളിലും എം എസ് എം ഇ ക്ലിനിക്കുകൾ പ്രവർത്തനം ആരംഭിച്ചു.സംരംഭക വർഷത്തിന്റെ ഭാഗമായി പുതിയ സംരംഭങ്ങളെ വിപുലപ്പെടുത്താൻ കൂടുതൽ പദ്ധതികൾക്ക് വ്യവസായ വകുപ്പ് രൂപം നൽകിയിട്ടുണ്ട്. കേരളത്തിലെ എം.എസ്.എം.ഇ കളിൽ നിന്നും തിരഞ്ഞെടുത്ത 1000 സംരംഭങ്ങളെ ശരാശരി 100 കോടി വിറ്റുവരവ് ഉള്ള യൂണിറ്റുകളായി നാല് വർഷത്തിനുള്ളിൽ ഉയർത്താനുള്ള 'മിഷൻ പുരോഗമിക്കുകയാണെന്നും മന്ത്രി പറഞ്ഞു.

## കടന്നപ്പള്ളിയും ഗണേഷ് കുമാറും മന്ത്രിമാർ ; സത്യപ്രതിജ്ഞ ചെയ്തു

**തിരുവനന്തപുരം:** രാമചന്ദ്രൻ കടന്നപ്പള്ളിയും കെ.ബി. ഗണേഷ് കുമാറും മന്ത്രിമാരായി സത്യപ്രതിജ്ഞ ചെയ്തു. രാജ്ഭവനിൽ നടന്ന ചടങ്ങിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ സത്യവാചകം ചൊല്ലിക്കൊടുത്തു. മുഖ്യമന്ത്രി പിണറായി വിജയൻ സന്നിഹിതനായിരുന്നു. രാമചന്ദ്രൻ കടന്നപ്പള്ളി സഗൗരവവും കെ. ബി. ഗണേഷ് കുമാർ ദൈവനാമത്തിലുമാണ് സത്യപ്രതിജ്ഞ ചെയ്തത്. ഗണേഷ്കുമാറിന് ഗതാഗതവും കടന്നപ്പള്ളി രാമചന്ദ്രന് സ്പീക്കർ എ. എൻ. ഷംസീർ, മന്ത്രിമാരായ കെ. രാജൻ, കെ. കൃഷ്ണൻകുട്ടി, റോഷി അഗസ്റ്റിൻ, വി. ശിവൻകുട്ടി, ജെ. ചിഞ്ചുറാണി, പി. പ്രസാദ്, സജി ചെറിയാൻ, ജി. ആർ. അനിൽ, കെ. എൻ. ബാലഗോപാൽ, എ. കെ. ശശീന്ദ്രൻ, കെ. രാധാകൃഷ്ണൻ, പി. രാജീവ്, വി. എൻ. വാസവൻ, ഡോ. ആർ. ബിന്ദു, എം. ബി. രാജേഷ്, ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ, എം. പി, എം. എൽ. എമാർ, മറ്റു ജനപ്രതിനിധി





കൾ, അഡീഷണൽ ചീഫ് സെക്രട്ടറിമാർ, രാഷ്ട്രീയ സാമൂഹ്യ സാമുദായിക നേതാക്കൾ, കല, ബിസിനസ് രംഗത്തെ പ്രമുഖർ, ഉന്നത ഉദ്യോഗസ്ഥർ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.കടന്നപ്പള്ളി രാമചന്ദ്രന് തുറമുഖ വകുപ്പിന് പകരം രജിസ്ട്രേഷൻ വകുപ്പും കെ.ബി ഗണേഷ്കുമാറിന് ഗതാഗതവകുപ്പുമാണ് നൽകിയിരിക്കുന്നത്.തുറമുഖ വകുപ്പ് സിപിഎം ഏറ്റെടുത്തു.പകരം വി.എൻ വാസവൻ കൈകാര്യം ചെയ്തിരുന്ന രജിസ്ട്രേഷൻ വകുപ്പ് കടന്നപ്പള്ളി രാമചന്ദ്രന് നൽകുകയായിരുന്നു. സിനിമാ വകുപ്പ് വകുപ്പ് കുടി ഗണേഷ്കുമാർ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഇത് വിട്ടു നൽകാൻ സി.പി.എം തയ്യാറായില്ല.



# ജില്ലാ കൃഷിത്തോട്ടത്തിന് പുതിയ കവാടം



**കൊച്ചി:** നേര്യമംഗലം ഫാമിന്റെ വികസനത്തിന് കുടുതൽ പദ്ധതികൾ ഒരുക്കുമെന്ന് ഡീൻ കുര്യാക്കോസ് എം.പി പറഞ്ഞു. ഫാം ടൂറിസത്തിന്റെ ആദ്യപടിയായി നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിൽ ജില്ലാ പഞ്ചായത്ത് നിർമ്മാണം പൂർത്തീകരിച്ച ഫാം കവാടത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ടൂറിസം രംഗത്ത് വലിയ മുന്നേറ്റം ലക്ഷ്യമിട്ടാണ് ഫാമിന്റെ നവീകരണ പ്രവർത്തനങ്ങൾക്ക് രൂപം കൊടുത്തിട്ടുള്ളതെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ് പറഞ്ഞു. ബോട്ട് ജെട്ടി, ട്രെഞ്ച്, കഫെറ്റീരിയ, റെസ്റ്റോറന്റ്, എക്കോ ഷോപ്പ് തുടങ്ങിയ വികസന പദ്ധതികളുടെ നിർമ്മാണം പൂർത്തിയാവുന്നതോടെ സംസ്ഥാനത്തെ ഏറ്റവും മികച്ച ഫാം ടൂറിസം കേന്ദ്രമായി നേര്യമംഗലം ഫാം മാറുമെന്നും അദ്ദേഹം പറഞ്ഞു. എറണാകുളം ജില്ലാ പഞ്ചായത്തിന്റെ 202223 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് കവാടത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയത്. ഉദ്ഘാടന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് സനിതാ റഹീം, ജില്ലാ പഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ റാണിക്കുട്ടി ജോർജ്ജ്, കോതമംഗലം ബ്ലോക്ക് പഞ്ചാത്ത് പ്രസിഡന്റ് പി.എ.എം ബഷീർ, കവളങ്ങാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സിബി മാത്യു, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ കെ.കെ. ദാനി, ഷൈനി ജോർജ്ജ്, ലിസി അലക്സ്, മനോജ് മൂത്തേടൻ, ഷാന്റി എബ്രഹാം, അനിത ടീച്ചർ, റഷീദ സലീം, ഷൈമി വർഗീസ്, മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യ ചെയർമാൻ ഇ.കെ. ശിവൻ, പ്രിൻസിൽ കൃഷി ഓഫീസർ ( ഇൻ ചാർജ്) സഞ്ചു സൂസൻ മാത്യു, ജില്ലാ പഞ്ചായത്ത് സെക്രട്ടറി പി.എസ്. ഷിനോ, ഫാം സൂപ്രണ്ട് സൂസൻ ലി തോമസ്, വിവിധ രാഷ്ട്രീയകക്ഷി പ്രതിനിധികളായ പി.റ്റി. ബെന്നി, സൈജന്റ് ചാക്കോ, ഫാം കൗൺസിൽ മെമ്പർമാരായ പി.എം. ശിവൻ, എം.വി. യാക്കോബ് തുടങ്ങിയവർ പങ്കെടുത്തു.

## ഫെഫ്ക : സിബി മലയിൽ പ്രസിഡന്റ്; ബി. ഉണ്ണികൃഷ്ണൻ ജനറൽ സെക്രട്ടറി





**കൊച്ചി :** ഫെഫ്കാ സംഘടനയുടെ പുതിയ ഭാരവാഹികളെ ഇന്നലെ കൊച്ചിയിൽ നടന്ന വാർഷിക ജനറൽ കൗൺസിലിൽ തിരഞ്ഞെടുത്തു. പ്രസിഡന്റായി സിബിമലയിലിനെയും ജനറൽ സെക്രട്ടറി ആയി ബി. ഉണ്ണികൃഷ്ണനും തിരഞ്ഞെടുത്തു. സോഹൻ സീനുലാൽ വർക്കിങ് സെക്രട്ടറിയും സതീഷ്. ആർ.എച്ച് ട്രഷറർ സ്ഥാനത്തേക്കും തിരഞ്ഞെടുക്കപ്പെട്ടു.ജി എസ് വിജയൻ, എൻ എം ബാദുഷ , ദേവി, അനിൽ ആറ്റുകാൽ, ജാഫർ കാഞ്ഞിരപ്പിള്ളി എന്നിവരാണ് വൈസ് പ്രസിഡന്റുമാർ. ഷിബു ജി സുശീലൻ, നിമേഷ് എം, ബെന്നി ആർട്ട് ലൈൻ , പ്രദീപ് രംഗൻ, അനീഷ് ജോസഫ് എന്നിവരാണ് ജോയിന്റ് സെക്രട്ടറിമാർ.ഇരുപത്തി ഒന്ന് അംഗസംഘടനകളിൽ നിന്നുള്ള അറുപത്തി മൂന്ന് ജനറൽ കൗൺസിൽ അംഗങ്ങളാണ് ഭാരവാഹികളെ ഐകകണ്ഠേന തെരഞ്ഞെടുത്തത് .ഫെഫ്കയിലെ മുഴുവൻ അംഗങ്ങൾക്കും സൗജന്യ ആരോഗ്യ ഇൻഷുറൻസ് പദ്ധതി , ആസ്ഥാന മന്ദിര നിർമ്മാണം , കൂടുതൽ മെച്ചപ്പെട്ട തൊഴിൽ സാഹചര്യങ്ങൾ ഒരുക്കുക തുടങ്ങി ഒട്ടേറെ ലക്ഷ്യങ്ങളുമായാണ് ഫെഫ്ക പുതിയ വർഷത്തിലേക്ക് പ്രവേശിക്കുന്നത് .

## ആലപ്പുഴ ബീച്ച് ഫെസ്റ്റിന് ആഘോഷമായ തുടക്കം



ആലപ്പുഴ: ആലപ്പുഴ ബീച്ച് ഫെസ്റ്റിന് ആഘോഷമായ തുടക്കം. സമ്മേളനം എ.എം. ആരിഫ് എം.പി. ഉദ്ഘാടനം ചെയ്തു. പി.പി. ചിത്തരഞ്ജൻ എം.എൽ.എ. അധ്യക്ഷനായി. എച്ച്. സലാം എം.എൽ.എ. മുഖ്യാതിഥിയായി. നഗരസഭ ചെയർപേഴ്സൺ കെ.കെ. ജയമ്മ, നഗരസഭ വൈസ് ചെയർമാൻ പി.എസ്.എം. ഹുസൈൻ, സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷനായ എം.ആർ. പ്രേം, എ.എസ്. കവിത, നഗരസഭാ കൗൺസിലർ പ്രഭ ശശികുമാർ, ടൂറിസം ഡെപ്യൂട്ടി ഡയറക്ടർ റൂബി ജേക്കബ്, ഡെപ്യൂട്ടി കളക്ടറും ഡി.ടി.പി.സി സെക്രട്ടറിയുമായ ആശ സി. എബ്രഹാം, ഡി.റ്റി.പി.സി. എക്സിക്യൂട്ടീവ് അംഗം കെ.ആർ. ഭഗീരതൻ, മറ്റ് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. ഫെസ്റ്റിന്റെ ഭാഗമായി സംഗീത സംവിധായകൻ ഗൗതം വിൻസന്റും സംഘവും അവതരിപ്പിച്ച സംഗീത നിശയും അരങ്ങേറി. ഡിസംബർ 31 വരെ നാല് ദിവസങ്ങളിലയാണ് പരിപാടികൾ ക്രമീകരിച്ചിരിക്കുന്നത്

## രണ്ടാംവിള നെല്ല് സംഭരണം: കർഷക രജിസ്ട്രേഷൻ ജനുവരി ഒന്നു മുതൽ

**കൊച്ചി:** സപ്ലൈകോ വഴി നടപ്പിലാക്കുന്ന നെല്ല് സംഭരണ പദ്ധതിയുടെ 2023 24 സീസണിലെ രാം വിള ഓൺലൈൻ കർഷക രജിസ്ട്രേഷൻ 2024 ജനുവരി ഒന്നു മുതൽ ആരംഭിക്കും. കർഷകർ സപ്ലൈകോയുടെ നെല്ല് സംഭരണ ഓൺലൈൻ വെബ് പോർട്ടൽ ആയ www.supplycopaddy.in എന്ന വെബ്സൈറ്റ് സന്ദർശിച്ച് കർഷക രജിസ്ട്രേഷൻ നടത്തേതാണ്. നിലവിലുള്ള സർക്കാർ വ്യവസ്ഥകൾ പൂർണമായും അംഗീകരിച്ചുകൊണ്ട് വേണം കർഷകർ നെല്ല് സംഭരണത്തിനായി രജിസ്റ്റർ ചെയ്യേത്. വിശദാംശങ്ങളും വ്യവസ്ഥകളും www.supplycopaddy.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്

# ഷഹബാസ് അമന്റെ സ്വരമാധുര്യത്തിൽ അലിഞ്ഞ് സരസ് വേദി




**കൊച്ചി:** ഗായകൻ ഷഹബാസ് അമന്റെ ഗസൽ ഈണത്തിലെ മാന്ത്രിക സ്വര മാധുര്യത്തിൽ അലിഞ്ഞു ചേർന്ന് സരസ് മേളയുടെ എട്ടാം ദിനം. വ്യാഴാഴ്ച വൈകിട്ട് ഏഴരയോടെ ആരംഭിച്ച സംഗീതവിരുന്ന് ജനത്തെ രണ്ടു മണിക്കൂറോളം ആസ്വാദനത്തിന്റെ നെറുകയിൽ എത്തിച്ചു. നിറഞ്ഞ വേദിയെ സാക്ഷിയാക്കി ജനപ്രിയ ഗാനങ്ങൾ ഓരോന്നായി അദ്ദേഹം ആലപിച്ചപ്പോൾ മൂളിയും, കൈയടിച്ചും, തലയാട്ടിയും, ചുവടുകൾ വച്ചും ആസ്വാദകർ ഒപ്പം ചേർന്നു. ഓരോ ഗാനം കഴിയുന്തോറും കരഘോഷവും ആരവങ്ങളും വർദ്ധിച്ചുകൊണ്ടേയിരുന്നു.ആകാശമായവളെ, ചാന്തു കുടഞ്ഞൊരു സൂര്യൻ, ഒരു മെഴുതിരിയുടെ, കായലിനരികെ, മഴകൊണ്ടു മാത്രം തുടങ്ങിയ ഓരോ ഗാനങ്ങളെയും വേദി നെഞ്ചോട് ചേർത്തു ഒടുവിൽ ഒരു മഴ പെയ്തു തീർന്ന അനുഭൂതി തീർത്തതാണ് ജവഹർലാൽ നെഹ്റു സ്റ്റേഡിയം ഗ്രൗണ്ടിൽ അദ്ദേഹവും സംഘവും മടങ്ങിയത്.ഉച്ചയ്ക്ക് മുളന്തുരുത്തി ബ്ലോക്കിലെ കുടുംബശ്രീ അംഗങ്ങൾ അവതരിപ്പിച്ച വിവിധ കലാപരിപാടികൾ ജനശ്രദ്ധ നേടി. രാവിലെ അട്ടപ്പാടിയിലെ ഗോത്ര സംഘം അവതരിപ്പിച്ച കുറുമ്പൻ നൃത്തവും പ്രേക്ഷക പ്രശംസ നേടി.

## മില്ലറ്റും മീനും പ്രദർശന ഭക്ഷ്യമേള:

# ചെറുധാന്യ പാചകരീതികൾ പരിചയപ്പെടുത്തി കുക്കറിഷോ

**കൊച്ചി:** ചെറുധാന്യങ്ങളുടെ പാചകരീതികൾ പരിചയപ്പെടുത്തിയ കുക്കറിഷോ ശ്രദ്ധേയമായി. സിഎംഎഫ്ആർഐയിൽ നടക്കുന്ന മില്ലറ്റും മീനും പ്രദർശന ഭക്ഷ്യമേളയിൽ വടക്കൻ കർണാടകയിലെ കൃഷി വിജ്ഞാന കേന്ദ്രങ്ങളിലെ വിദഗ്ധരും വനിതാ കർഷകരും ചേർന്നാണ് കുക്കറിഷോ അവതരിപ്പിച്ചത്.ചെറുധാന്യങ്ങൾ പാകം ചെയ്യുമ്പോൾ രുചി മാത്രമല്ല, പോഷകങ്ങൾ ചോർന്ന് പോകാതെ നോക്കാനും ശ്രദ്ധവേണം. ആരോഗ്യകരമായ രീതിയൽ ഇവ എങ്ങനെ പാകം ചെയ്യണമെന്ന് അവർ വിശദീകരിച്ചു. കർണാടകയുടെ തനത് ചെറുധാന്യവിഭവങ്ങളുടെ പാചകരീതികളാണ് സംഘം പരിചയപ്പെടുത്തിയത്.ചോളം ഉപയോഗിച്ച് റൊട്ടിയുണ്ടാക്കുന്നതും ചാമയുടെ കടുക, മണിച്ചോളത്തിന്റെ മഞ്ചൂരി, തിന കച്ചോരി, തിന ബിസിബെല്ലെബാത്, റാഗിക്കൊപ്പം തൈര് ചേർത്ത സ്മൂത്തി, റാഗി ഹൽവ തുടങ്ങിയ വിഭവങ്ങൾ പരിചയപ്പെടുത്തിയത്.ഡോ ശ്രീദേവി അംഗഡി, ഡോ സുധ മംഗാണി എന്നിവർക്കൊപ്പം കർഷകരായ ഭാഗ്യ, ശിൽപ, ശ്വേത എന്നിവർ ചേർന്നാണ് കുക്കറി ഷോ അവതരിപ്പിച്ചത്. മില്ലറ്റും മീനും പ്രദർശന ഭക്ഷ്യമേളയിൽ സന്ദർശകരുടെ മനം കവർന്ന് റാഗിമീൻ സോസേജ്. തിലാപ്പിയ മീനും ചെറുധാന്യമായ റാഗിയും ചേർത്ത് തയ്യാറാക്കിയ സോസേജ് രുചിയിൽ മാത്രമല്ല, പോഷകസമൃദ്ധിയിലും മുമ്പിലാണ്. സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയാണ് (സിഫ്റ്റ്) സോസേജ് വികസിപ്പിച്ചത്.മീനും ചെറുധാന്യവും ഉപയോഗിച്ച വൈവിധ്യങ്ങളായ രുചിക്കൂട്ടുകൾ പൊതുജനങ്ങളെ പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായാണ് സിഫ്റ്റിലെ ഫിഷ്



പ്രോസസിംഗ് ഡിവിഷൻ തയ്യാറാക്കിയ സോസേജ് മേളയിലെത്തിച്ചത്. മീനിലടങ്ങിയ മാംസ്യം, ആരോഗ്യകരമായ കൊഴുപ്പ്, റാഗിയിലെ നിരോക്സീകാരികൾ, നാരുകൾ, സൂക്ഷ്മപോഷകങ്ങൾ തുടങ്ങിയവ അടങ്ങുന്നതിനാൽ പോഷകസമൃദ്ധമാണ് ഈ സോസേജ് എന്ന് അദ്ദേഹം പറഞ്ഞു.

വിൽപനക്കല്ല, പകരം രുചി പരിചയപ്പെടുത്താനാണ് ഈ വിഭവം മേളയിലെത്തിച്ചത്. റാഗിക്ക് പകരം മറ്റ് ചെറുധാന്യങ്ങളുടെ ഇത്തരത്തിലുള്ള വിഭവങ്ങൾ സിഫ്റ്റിന്റെ സ്റ്റാളിൽ ശനിയാഴ്ച ലഭ്യമാകും. പ്രദർശന ഭക്ഷ്യമേള ശനിയാഴ്ച സമാപിക്കും.

## കാൻസർ പരിരക്ഷ:
## മുന്നേറ്റങ്ങൾ അവതരിപ്പിച്ച് കാർക്കിനോസ് ആരോഗ്യ സേവന വിദഗ്ദ്ധർ

**കൊച്ചി:** കോവളത്ത് നടന്ന ഐഎംഎയുടെ 98!ാമത് ദേശീയ കോൺഫറൻസിൽ സാങ്കേതികവിദ്യാ രംഗത്തെ മുന്നേറ്റങ്ങൾ അവതരിപ്പിച്ച് കാർക്കിനോസ് ഹെൽത്ത്കെയർ. കോൺഫറൻസിലെ ശാസ്ത്ര ശിൽപശാലകളിൽ രണ്ട് അവതരണങ്ങളായിരുന്നു കാർക്കിനോസ് നടത്തിയത്. കാൻസർ ചികിൽസയുടെ വളർച്ചയെ കുറിച്ചും കാൻസർ ജിനോമിക്സും സെർവികൽ കാൻസർ സ്ക്രീനിങ്ങും വാക്സിനേഷനും അടക്കമുള്ള പ്രതിരോധത്തെകുറിച്ചുമായിരുന്നു അവ. ക്ലിനിക്കൽ ജിനോമിക്സ് ലബോറട്ടി മേധാവി ഡോ. പ്രശാന്ത് അരിയന്നൂർ, ജൈനകോളജിക്കൽ ഓങ്കോളജിസ്റ്റ് കൺസൾട്ടൻറ് ഡോ. അശ്വതി ജി നാഥ് എന്നിവരായിരുന്നു സംസാരിച്ചത്.കാൻസറുമായി ബന്ധപ്പെട്ട ജിനോമിക്സിൻറെ വളർച്ചയും ഉപയോഗവും എന്നതിനെ കുറിച്ചുള്ള സെഷനാണ് കാർക്കിനോസ് ഹെൽത്ത്കെയർ ക്ലിനിക്കൽ ജിനോമിക്സ് ലബോറട്ടി മേധാവി ഡോ. പ്രശാന്ത് അരിയന്നൂർ നയിച്ചത്. അടിസ്ഥാനപരമായി കാൻസർ ഒരു ജനിതക രോഗമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. കാൻസർ ചികിൽസിക്കാനുള്ള അറിവുകളും സംവിധാനങ്ങളും ഒരുക്കുന്നതു വഴി ജിനോമിക്സ് മാറ്റങ്ങൾ വരുത്തുന്നതിൽ വലിയ പങ്കാണ് വഹിക്കുന്നത്. കൂടുതൽ ഉയർന്ന തോതിൽ വ്യക്തിഗതമായും ഫലപ്രദമായും കാൻസർ ചികിൽസകൾ നടത്താൻ ജിനോമിക് വിശകലനം സൗകര്യമൊരുക്കുന്നു എന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.ഓരോ വ്യക്തിക്കും അനുയോജ്യമായ രീതിയിൽ സവിശേഷമായ ചികിൽസകൾക്ക് ജിനോമിക്സ് ഡേറ്റ എങ്ങനെ സഹായകമാകുന്നു എന്ന് അദ്ദേഹം വിശദീകരിച്ചു. എല്ലായിപ്പോഴും ഒരേ രീതിയിലുള്ള സമീപനം എന്ന പരമ്പരാഗത രീതിയിൽ നിന്നു ഗണ്യമായ രീതിയിൽ മാറാൻ ഇതു സഹായിച്ചു. കാൻസർ രോഗ നിർണയത്തിലും ചികിൽസകളിലും ജിനോമിക്സിനുള്ള പ്രാധാന്യം അദ്ദേഹം ഉയർത്തിക്കാട്ടി. വ്യക്തിഗത ജിനോമിക്സ് പ്രൊഫൈലുകളുടെ സവിശേഷതയിൽ ഊന്നൽ നൽകിയ അദ്ദേഹം ഈ വ്യത്യാസങ്ങൾ തിരിച്ചറിയാൻ നെക്സ്റ്റ് ജനറേഷൻ സീക്വൻസിങ്ങിനുള്ള പങ്കും എടുത്തു കാട്ടി.

KARKINOS

ഡയഗ്നോസ്റ്റിക്, പ്രോഗ്നോസ്റ്റിക്, ചികിൽസാപരമായത്, ഡ്രഗ് ടോക്സിസിറ്റി മാർക്കറുകൾ എന്നിങ്ങനെ തിരിച്ചിരിക്കുന്ന കാൻസറുമായി ബന്ധപ്പെട്ട വിവിധ മോളികുലർ മാർക്കറുകളെ കുറിച്ചും അദ്ദേഹം സംസാരിച്ചു.സെർവിക്കൽ കാൻസർ പരിശോധനയും എച്ച്പിവി വാക്സിനേഷനും സംബന്ധിച്ച നിലവിലെ സ്ഥിതിയെ കുറിച്ചാണ് കാർക്കിനോസ് ഹെൽത്ത്കെയർ കൺസൾട്ടൻറ് ജൈനക്കോളജിക്കൽ ഓങ്കോളജിസ്റ്റ് ഡോ. അശ്വതി ജി നാഥ് സംസാരിച്ചത്. നേരത്തെ തന്നെ കണ്ടെത്തുന്നതും എച്ച്പിവി വാക്സിനേഷനുമാണ് സെർവിക്കൽ കാൻസറിനെതിരെയുള്ള ഏറ്റവും മികച്ച ആയുധങ്ങൾ. ഇവയുടെ ഫലപ്രാപ്തി വ്യക്തമാക്കുന്ന സമീപകാല തെളിവുകളുള്ള കാര്യവും ഡോ. അശ്വതി ചൂണ്ടിക്കാട്ടി.പിഎപി സ്മെർ, എച്ച്പിവി ഡിഎൻഎ പരിശോധന തുടങ്ങി സെർവിക്കൽ കാൻസർ പ്രതിരോധത്തിനായുള്ള ഏറ്റവും പുതിയ സ്ക്രീനിങ് രീതികളെ കുറിച്ചും ഡോ. അശ്വതി ജി നാഥ് വിശദമായി സംസാരിച്ചു. സ്ക്രീനിംഗ് രീതിയായി എച്ച്പിവി ഡിഎൻഎ ടെസ്റ്റ് ചെയ്യേണ്ടതിൻറെ പ്രാധാന്യം അവർ എടുത്തുപറഞ്ഞു. പ്രത്യേകിച്ചും കോബാസ് പ്ലാറ്റ്ഫോം അല്ലെങ്കിൽ ബിഡി ഓൺക്ലാരിറ്റി എച്ച്പിവി ഡിഎൻഎ ടെസ്റ്റും സെൽഫ്സാമ്പിളിംഗ് എച്ച്പിവി ഡിഎൻഎ പരിശോധനയും. ഇവയുടെ ഫലപ്രാപ്തി, പരിമിതി എന്നിവയെ കുറിച്ചും വിശദീകരിച്ചു. എച്ച്പവി വാക്സിനുകളുടെ ദീർഘകാല നേട്ടങ്ങൾ ഇമ്യൂമോജെനിസിറ്റി തുടങ്ങിയ സവിശേഷതകളും ഇവിടെ ചർച്ച ചെയ്തു. സെർവിക്കൽ കാൻസർ ഭീഷണി കുറക്കുന്നതിൽ എച്ച്പിവി വാക്സിനേഷനുള്ള ഫലപ്രാപതിയെ പിന്തുണക്കുന്ന സമീപകാല തെളിവുകളും വിശദമായി പരിശോധിക്കുകയുണ്ടായി. വാക്സിനേഷൻ തന്ത്രങ്ങളുടെ ഫലപ്രാപ്തി, വിവിധ സ്രോതസുകളുമായി ബന്ധപ്പെട്ട ശുപാർശകൾ തുടങ്ങിയവയും ഡോ. അശ്വതി വിശകലനം ചെയ്തു.

## എറണാകുളം ജില്ലാ പഞ്ചായത്ത് ഭരണസമിതി വാർഷികാഘോഷവും പദ്ധതികളുടെ ഉദ്ഘാടനവും ഇന്ന്

**കൊച്ചി:** എറണാകുളം ജില്ലാ പഞ്ചായത്ത് 202025 ഭരണസമിതിയുടെ മൂന്നാം വാർഷികാഘോഷവും വിവിധ പദ്ധതികളുടെ ഉദ്ഘാടനവും ഡിസംബർ 30ന് രാവിലെ 10 മുതൽ എറണാകുളം ജില്ലാ പഞ്ചായത്ത് പ്രിയദർശിനി ഹാളിൽ നടക്കും. ജനകീയാസൂത്രണ രജത ജൂബിലി സ്മാരക ഉദ്ഘാടനം രാവിലെ 10ന് വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി.രാജീവ് നിർവഹിക്കും. ഉമ്മൻചാണ്ടി സ്മാരക ഹാൾ നിർമാണം രാവിലെ 10.30ന് നിയമസഭാ പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ നിർവഹിക്കും. ലീഡേഴ്സ് ചേംബർ ഉദ്ഘാടനം രാവിലെ 11ന് ഹൈബി ഈഡൻ എംപി നിർവഹിക്കും. 11.30 മുതൽ മൂന്നാം വാർഷികാഘോഷ സമ്മേളനം നടക്കും. സമ്മേളനത്തിൽ സ്ഥാനമൊഴിയുന്ന ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസിന് ഭരണസമിതി അംഗങ്ങൾ ആദരവ് നൽകും.തുടർന്ന് വിവിധ മേഖലകളിൽ പ്രാഗൽഭ്യം തെളിയിച്ചവർക്കുള്ള പുരസ്കാര ദാനം നടക്കും.

## കടമക്കുടിയിലെ കണ്ടനാട് കപ്പേള റോഡ് തുറന്നു



**കൊച്ചി:** കടമക്കുടി ഗ്രാമ പഞ്ചായത്ത് അഞ്ചാം വാർഡിലെ നവീകരണം പൂർത്തിയായ കണ്ടനാട് കപ്പേള റോഡിന്റെ ഉദ്ഘാടനം കെ എൻ ഉണ്ണികൃഷ്ണൻ എംഎൽഎ നിർവ്വഹിച്ചു. എംഎൽഎയുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് 30 ലക്ഷം രൂപ ചെലവിട്ടാണ് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയത്. ഉദ്ഘാടന യോഗത്തിൽ കടമക്കുടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മേരി വിൻസെന്റ്, വൈസ് പ്രസിഡന്റ് കെ പി വിപിൻരാജ്, ജോണി മാഷ്, ടി എസ് സുനിൽ, ടി കെ വിജയൻ എന്നിവർ സംസാരിച്ചു.

## പിആർഡി ഡ്രോൺ ഓപ്പറേറ്റേഴ്സ് പാനലിലേക്ക് അപേക്ഷിക്കാം

**കൊച്ചി:** ഇൻഫർമേഷൻപബ്ലിക്ക് റിലേഷൻസ് വകുപ്പിന്റെ എറണാകുളം ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ കരാർ അടിസ്ഥാനത്തിൽ ഡ്രോൺ ഓപ്പറേറ്റേഴ്സിന്റെ പാനൽ തയ്യാറാക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. പാനലിലേക്ക് വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ സ്റ്റാർട്ട് അപ്പുകൾക്കോ അപേക്ഷിക്കാം. ഡ്രോൺ ഉപയോഗിച്ച് ഫോട്ടോ, വീഡിയോ എന്നിവ ഷൂട്ട് ചെയ്യുന്നതിൽ അംഗീകൃത സ്ഥാപനത്തിൽ നിന്നോ സംഘടനയിൽ നിന്നോ സമാന സ്ഥാപനങ്ങളിൽ നിന്നോ ഉള്ള മൂന്നു വർഷത്തിൽ കുറയാത്ത പ്രവൃത്തിപരിചയമാണ് അപേക്ഷകർക്കുള്ള അടിസ്ഥാന യോഗ്യത. വിദ്യാഭ്യാസ യോഗ്യതയിൽ പ്രീഡിഗ്രി അല്ലെങ്കിൽ പ്ലസ് ടു അഭിലഷണീയം. ഡ്രോൺ ഷൂട്ട് ജോലികൾ ഏറ്റെടുത്ത് ചെയ്തിട്ടുള്ള മൂന്നു വർഷത്തെ പരിചയമാണ് സ്ഥാപനങ്ങൾക്കും സംഘടനകൾക്കുമുള്ള യോഗ്യത. വാർത്താ മാധ്യമങ്ങൾക്കായി ഏരിയൽ ന്യൂസ് ക്ലിപ്പുകൾ ഷൂട്ട് ചെയ്ത് എഡിറ്റ് ചെയ്തുള്ള പരിചയം, ഇലക്ട്രോണിക് വാർത്താ മാധ്യമത്തിൽ വീഡിയോഗ്രാഫി അല്ലെങ്കിൽ വീഡിയോ എഡിറ്റിംഗിൽ പ്രവർത്തിപരിചയം, സ്വന്തമായി നാനോ ഡ്രോൺ ഉള്ളവർ, പ്രൊഫഷണൽ എഡിറ്റ് സോഫ്റ്റ് വെയർ ഇൻസ്റ്റാൾ ചെയ്ത ലാപ്ടോപ്പ് സ്വന്തമായി ഉള്ളവർ, ദൃശ്യങ്ങൾ തത്സമയം നിശ്ചിത സെർവറിൽ അയക്കാനുള്ള സംവിധാനം ലാപ് ടോപിൽ ഉള്ളവർ, എഡിറ്റ് സ്യൂട്ട്, ഏറ്റവും നൂതനമായ ഇലക്ട്രോണിക് ന്യൂസ് ഗാതറിംഗ് സൗകര്യങ്ങൾ തുടങ്ങിയവ സ്വന്തമായി ഉള്ളവർ എന്നിവർക്ക് മുൻഗണന ലഭിക്കും. അപേക്ഷകർ ക്രിമിനൽ കേസുകളിൽപ്പെടുകയോ ശിക്ഷിക്കപ്പെടുകയോ ചെയ്തവരായിരിക്കരുത്. ടെക്നിക്കൽ സ്പെസിഫിക്കേഷൻ സംബന്ധിച്ച വിശദാംശങ്ങൾക്ക് ൂൃറ.സലൃമഹമ.ഴീ.ശി എന്ന വെബ്സൈറ്റ് സന്ദർശിക്കാം. അപേക്ഷയോടൊപ്പം ബന്ധപ്പെട്ട രേഖകൾ ഹാജരാക്കണം. അപേക്ഷയോടൊപ്പം അപേക്ഷകരുടെ പേര്, വിലാസം, ഫോൺ നമ്പർ, ഇമെയിൽ, ഫോട്ടോ, ഐഡി കാർഡിന്റെ പകർപ്പ്, പ്രവൃത്തിപരിചയം എന്നിവ രേഖപ്പെടുത്തിയ ബയോഡാറ്റയും അരമണിക്കൂർ ഷൂട്ട്, ഒരു മണിക്കൂർ ഷൂട്ട് എന്നിവയ്ക്കുള്ള നിരക്ക് സംബന്ധിച്ച വിശദമായ പ്രൊപ്പോസലും ഉണ്ടായിരിക്കണം. അപേക്ഷകൾ 2024 ജനുവരി 3ന് വൈകീട്ട് 5 നകം ജില്ല ഇൻഫർമേഷൻ ഓഫീസ്, കണയന്നൂർ താലൂക്ക് ഓഫീസ് സമുച്ചയം, പാർക്ക് അവന്യൂ, എറണാകുളം, കൊച്ചി11 എന്ന വിലാസത്താൽ നേരിട്ടോ തപാൽ വഴിയോ ലഭിക്കണം.

# കേന്ദ്ര പദ്ധതികളുടെ പ്രയോജനം താഴെത്തട്ടിൽ എത്തിക്കണം: കേന്ദ്ര സഹമന്ത്രി ഭഗവന്ത് ഖുബ

**തൃശൂർ** : പദ്ധതികൾ കൊണ്ടുവരിക മാത്രമല്ല അതിൻറെ പ്രയോജനം താഴെ തട്ടിലുള്ള എല്ലാവരിലും എത്തിക്കുന്നതിനും കേന്ദ്ര ഗവൺമെൻറ് പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര രാസവസ്തു രാസവളം, പുതു പുനരു ഉപയോഗ ഊർജ്ജവകുപ്പ് സഹമന്ത്രി ഭഗവന്ത് ഖുബ പറഞ്ഞു. കേന്ദ്ര ഗവൺമെന്റിന്റെ വികസന, ക്ഷേമ പദ്ധതികൾ ജനങ്ങളിൽ എത്തിക്കാൻ ഉദ്ദേശിച്ചു നടപ്പിലാക്കുന്ന വികസിത് ഭാരത് സങ്കല്പ യാത്രയുടെ ഭാഗമായി തൃശ്ശൂർ മറ്റത്തൂർ ഗ്രാമപഞ്ചായത്തിൽ നടന്ന പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.എല്ലാവർക്കും ഒപ്പം എല്ലാവരുടെയും വികസനം ' എന്നതാണ് കേന്ദ്ര ഗവൺമെന്റിന്റെ ആപ്തവാക്യമെന്നു പറഞ്ഞമന്ത്രി, ജാതി, മത, വർഗ്ഗ, വർണ്യ ഭേദമന്യേ എല്ലാവർക്കും വികസനം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് കേന്ദ്ര ഗവൺമെൻറ് പ്രവർത്തിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. കഴിഞ്ഞ 10 വർഷത്തിനിടെ ഇന്ത്യയിലെ അടിസ്ഥാന സൗകര്യ വികസനം ലോകോത്തര നിലവാരത്തിലേക്ക് ഉയർന്നു. ഇന്ന് ലോകം മുഴുവൻ ഇന്ത്യയെ ഒരു ഉത്പാദക കേന്ദ്രമായി ഉറ്റുനോക്കുകയാണ്. രാജ്യത്തെ സ്റ്റാർട്ടപ്പുകളുടെ എണ്ണം ഒരു ലക്ഷത്തി പതിനായിരം ആയി ഉയർന്നു എന്നും കേന്ദ്രമന്ത്രി പറഞ്ഞു. കേന്ദ്ര പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ എല്ലാ ഗുണഭോക്താക്കളിലും ഫലപ്രദമായി എത്തിക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് പ്രധാനമന്ത്രി വികസിത് ഭാരത് സങ്കല്പ യാത്രയ്ക്ക് തുടക്കമിട്ടതെന്നും അദ്ദേഹം പറഞ്ഞു.യോഗത്തിൽ തൃശ്ശൂർ അസിസ്റ്റന്റ് കളക്ടർ കാർത്തിക് പാണിഗ്രാഹി, കനറാ ബാങ്ക് തൃശ്ശൂർ മേഖലാ അസിസ്റ്റന്റ് മാനേജർ കെ.എസ് രാജേഷ്, ജില്ലാ ലീഡ് ബാങ്ക് മാനേജർ മോഹന ചന്ദ്രൻ , ബിജെപി സംസ്ഥാന ജനറൽ സെക്രട്ടറി എം ടി രമേശ് , വാർഡ് മെമ്പർ ഹിതേഷ് കെ ടി തുടങ്ങിയവർ സംസാരിച്ചു.അപേക്ഷകർക്ക് അനുവദിക്കപ്പെട്ട വായ്പകളുടെ അനുമതിപത്രങ്ങൾ കേന്ദ്ര സഹമന്ത്രി ചടങ്ങിൽ കൈമാറി. വിവിധ കലാപരിപാടികളും അരങ്ങേറി.ഉച്ചക്ക് ശേഷം നെൻമണിക്കര പഞ്ചായത്തിൽ നടന്ന വികസിത് ഭാരത്



സങ്കല്പ യാത്രയിലും കേന്ദ്ര സഹമന്ത്രി പങ്കെടുത്തു. കർഷകർ, യുവാക്കൾ, വനിതകൾ, പാവപ്പെട്ടവർ എന്നിവരുടെ ഉന്നമനമാണ് പ്രധാനമന്ത്രിയുടെ പ്രഥമ പരിഗണനമെന്ന് കേന്ദ്ര സഹമന്ത്രി പറഞ്ഞു. ജില്ലാ ലീഡ് ബാങ്ക് മാനേജർ മോഹന ചന്ദ്രൻ , എസ്.ബി.ഐ അഡ്മിൻ ഡെപ്യൂട്ടി ജനറൽ മാനേജർ രവി കിരൺ തുടങ്ങിയവർ സംസാരിച്ചു

## വല്ലാർപാടം കണ്ടെയ്നർ റോഡിൽ 6 മാസത്തിനകം തെരുവു വിളക്കുകൾ സ്ഥാപിക്കണം : മനുഷ്യാവകാശ കമ്മീഷൻ

**കൊച്ചി:** വല്ലാർപാടം കണ്ടെയ്നർ റോഡിൽ ആറുമാസത്തിനകം തെരുവു വിളക്കുകൾ സ്ഥാപിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ.ദേശീയ പാതാ അതോറിറ്റിക്കാണ് കമ്മീഷൻ അംഗം വി കെ ബീനാകുമാരി നിർദ്ദേശം നൽകിയത്.വല്ലാർപാടം കണ്ടെയ്നർ റോഡിൽ തെരുവു വിളക്കുകൾ സ്ഥാപിക്കാത്തതു കാരണമുള്ള ബുദ്ധി മുട്ടുകൾ ചൂണ്ടിക്കാണിച്ച് സമർപ്പിച്ച പരാതിയിലാണ് നടപടി.എറണാകുളം ജില്ലാ കളക്ടറിൽ നിന്നും കമ്മീഷൻ റിപ്പോർട്ട് വാങ്ങി. വല്ലാർപാടം കണ്ടെയ്നർ റോഡ് നിലവിൽ ഒരു വർഷത്തേക്ക് ഒ ആന്റ് എം ഫെയ്സിൽ ആണെന്നും ഈ കാലാവധി അവസാനിക്കാറായെന്നും റിപ്പോർട്ടിൽ പറയുന്നു. അടുത്ത 5 വർഷത്തേക്ക് കൂടി റോഡിന്റെ അറ്റകുറ്റ പണികൾ ചെയ്യാൻ ദേശീയപാതാ അതോറിറ്റി തീരുമാനിച്ചിട്ടുണ്ട്. ഇതിനുള്ള എസ്റ്റിമേറ്റ് ഹെഡ് ക്വാർട്ടേഴ്സിലേയ്ക്ക് അയച്ചു. ഇതിൽ വല്ലാർപാടം റോഡിൽ തെരുവു വിളക്കുകൾ സ്ഥാപിക്കാനുള്ള എസ്റ്റിമേറ്റ് ഉൾപ്പെടുത്തിയിട്ടുണ്ട്.കളമശേരി മുതൽ മുളവുകാട് ഗോശ്രീ പാലം വരെയുള്ള ഭാഗം ഇരുട്ടിലാണെന്ന് പരാതിക്കാരനായ കലൂർ സ്വദേശി ജോൺസൺ കമ്മീഷനെ അറിയിച്ചു.പത്രറിപ്പോർട്ടുകളിൽ നിന്നും ഇവിടെ അപകടം സർവസാധാരണമാണെന്ന് മനസ്സിലാക്കുന്നതായി കമ്മീഷൻ ഉത്തരവിൽ പറഞ്ഞു. അപകടകരമായ വിധത്തിൽ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതായി പരാതിക്കാരൻ കമ്മീഷനെ അറിയിച്ചു. ദേശീയ പാതാ അതോറിറ്റി പ്രോജക്ട് ഡയറക്ടർക്കാണ് കമ്മീഷൻ നിർദ്ദേശം നൽകിയത്.

## സൗത്ത് ഇന്ത്യൻ ബാങ്ക് 1750 കോടി സമാഹരിക്കും

**തൃശൂർ:** ഇക്വിറ്റി ഓഹരി വിൽപ്പനയിലൂടെ 1750 കോടി വരെ സമാഹരിക്കാൻ സൗത്ത് ഇന്ത്യൻ ബാങ്ക് ഡയറക്ടേഴ്സ് ബോർഡ് യോഗം തീരുമാനിച്ചു. നിലവിലുള്ള ഓഹരി ഉടമകളിൽ നിന്നും റൈറ്റ് ഇഷ്യൂ അടിസ്ഥാനത്തിലാണ് ഫണ്ട് സമാഹരിക്കുന്നത്

## മതിയായ അറിവില്ലാത്തത് നഷ്ടത്തിന്റെ പ്രാഥമിക കാരണമെന്ന് 45% പുതിയ ട്രേഡർമാർ

**കൊച്ചി:** ഫ്യൂച്ചേഴ്സ് & ഓപ്ഷൻസ് ട്രേഡിങിൽ നഷ്ടമുണ്ടാകുന്നതിനുള്ള പ്രാഥമിക കാരണം ആവശ്യമായ അറിവില്ലാത്തതാണെന്ന് 45 ശതമാനം പുതിയ ട്രേഡർമാരും ചൂണ്ടിക്കാട്ടുന്നതായി ഷെയർഖാൻ നടത്തിയ സർവേ വെളിപ്പെടുത്തുന്നു. വിപണിയുടെ നീക്കത്തെ കുറിച്ചു തങ്ങൾക്കു തീരുമാനമെടുക്കാനാവുന്നില്ലെന്ന് ഫ്യൂച്ചേഴ്സ് & ഓപ്ഷൻസിലെ 32 ശതമാനം പുതിയ ട്രേഡർമാരും ചൂണ്ടിക്കാട്ടുന്നതായും സർവേ വ്യക്തമാക്കുന്നു. തങ്ങളുടെ നഷ്ടങ്ങൾ ആവറേജ് ചെയ്യുന്നതിന് കൂടുതൽ വാങ്ങുന്നതാണ് 55 ശതമാനം ട്രേഡർമാരുടേയും രീതി. ഫ്യൂച്ചേഴ്സ് & ഓപ്ഷൻസ് ട്രേഡിങിൽ വലിയ ശതമാനം നിക്ഷേപകർക്കു പണം നഷ്ടമാകുന്നു എന്ന സെബിയുടെ കണ്ടെത്തലിൻറെ പശ്ചാത്തലത്തിൽ കൂടിയാണ് ഈ റിപ്പോർട്ട് പുറത്തു വരുന്നത്. ഉദാസീനമായതോ ഹ്രസ്വകാല കാഴ്ചപ്പാടോടു കൂടിയതോ ആയ സമീപനം കൈക്കൊള്ളരുതെന്ന് എല്ലാവരോടും അഭ്യർത്ഥിക്കുന്നതായും പുതുതായി ഈ രംഗത്ത് എത്തുന്നവർക്ക് മാർഗനിർദ്ദേശങ്ങൾ നൽകുന്നതാവും തങ്ങളുടെ പുതിയ കാമ്പെയിനെന്നും ഷെയർഖാൻ ചീഫ് മാർക്കറ്റിങ് ഓഫിസർ ജീൻക്രിസ്റ്റോഫ് ഗൗജിൻ പറഞ്ഞു.

## വാരി എനർജീസ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** സോളാർ പിവി മൊഡ്യൂൾ നിർമാതാക്കളായ വാരി എനർജീസ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ(ഡിആർഎച്ച്പി) സമർപ്പിച്ചു. ഓഹരി ഒന്നിന് പത്ത് രൂപ മുഖവിലയുള്ള 3000 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും പ്രമോട്ടർമാരുടെയും നിലവിലുള്ള ഓഹരി ഉടമകളുടെയും 3,200,000 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, ഐഐഎഫ്എൽ സെക്യൂരിറ്റീസ് ലിമിറ്റഡ്, ജെഫറീസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, നോമുറ ഫിനാൻഷ്യൽ അഡ്വൈസറി ആൻഡ് സെക്യൂരിറ്റീസ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ്, എസ്ബിഐ ക്യാപിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ്, ഇന്റൻസീവ് ഫിസ്കൽ സർവീസസ് പ്രൈവറ്റ് ലിമിറ്റഡ്, ഐടിഐ ക്യാപിറ്റൽ ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# ഫോർട്ട്കൊച്ചി കാർണിവൽ : ആഘോഷത്തിനൊപ്പം വൻ സുരക്ഷ; ഗ്രൗണ്ട് സെഗ്മന്റുകളാക്കും

**കൊച്ചി:** ഫോർട്ട്കൊച്ചി കാർണിവലിൽ വൻ സുരക്ഷ ഒരുക്കും. പുതുവത്സര ആഘോഷത്തിനൊപ്പം ജനങ്ങളുടെ സുരക്ഷയ്ക്ക് പ്രാധാന്യം നൽകിയാണ് കാർണിവൽ നടത്തുന്നതെന്ന് മേയർ എം.അനിൽ കുമാർ, ഹൈബി ഈഡൻ എം.പി, കെ.ജെ മാക്സി എം.എൽ.എ, ഫോർട്ട്കൊച്ചി സബ് കളക്ടർ കെ.മീര, ഡെപ്യൂട്ടി കളക്ടർ ഉഷാ ബിന്ദു മോൾ, മട്ടാഞ്ചേരി അസി. പോലീസ് കമ്മീഷണർ കെ.ആർ മനോജ് എന്നിവർ അറിയിച്ചു. ഫോർട്ട്കൊച്ചി കൂടാതെ പള്ളുരുത്തി കാർണിവൽ, എറണാകുളത്തപ്പൻ ഗ്രൗണ്ട് എന്നിവടങ്ങളിൽ പുതുവത്സരത്തോട് അനുബന്ധിച്ച് ഡിസംബർ 31 ന് വിവിധ കലാപരിപാടികൾ സംഘടിപ്പിച്ചുണ്ടെന്നും മേയർ പറഞ്ഞു.

ഡിസംബർ 31ന് രാത്രി പാപ്പാഞ്ഞിയെ കത്തിക്കുന്ന ഫോർട്ട്കൊച്ചി പരേഡ് ഗ്രൗണ്ട് വിവിധ സെഗ്മെന്റുകളായി തിരിച്ചാകും ആളുകളെ കടത്തിവിടുക. ഓരോ സെഗ്മെന്റിലും നിയന്ത്രിത ആളുകളെ മാത്രമാകും കടത്തിവിടുക. പരിധിയിൽ കൂടുതൽ ആളുകൾക്ക് പ്രവേശനം ഉണ്ടാകില്ല. പാപ്പാഞ്ഞിയെ കത്തിച്ചശേഷം ഒരു മണിവരെ കലാപരിപാടികൾ തുടരും. പരേഡ് ഗ്രൗണ്ട് ഭാഗത്തേക്ക് വാഹനങ്ങൾ കടത്തിവിടില്ല. വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനായി വിപുലമായ സൗകര്യങ്ങൾ സജ്ജമാക്കും. ആയിരത്തോളം പോലീസുകാരെയും സുരക്ഷാ ചുമതലയ്ക്കായി നിയോഗിക്കും. വനികളുടെ സുരക്ഷയ്ക്കായി മഫ്തിയിലും പോലീസ് ഉണ്ടാകും. നൂറിലധികം സിസിടിവി കാമറ, വാട്ടർ ആംബുലൻസ് ഉൾപ്പെടെ ആവശ്യമായ മെഡിക്കൽ സംഘം, ഫസ്റ്റ് എയ്ഡ് സംവിധാനം എന്നിവയും ഒരുക്കും. ആവശ്യമായ ബയോ ടോയ്‌ലറ്റ്, കുടിവെള്ള സൗകര്യം സജ്ജമാക്കും. ബസ് സർവീസിനായി കൊച്ചിൻ കോളജ് ഗ്രൗണ്ടിൽ താൽക്കാലിക ബസ് സ്റ്റാൻഡ് പ്രവർത്തിക്കും.

## ഗതാഗത നിയന്ത്രണങ്ങൾ

ഡിസംബർ 31 ന് വൈകിട്ട് 4 വരെ മാത്രമെ വൈപ്പിനിൽ നിന്നും റോറോ ജങ്കാർ വഴി ഫോർട്ട്കൊച്ചിയിലേക്ക് വാഹനങ്ങൾ കടത്തി വിടുകയുള്ളു. വൈകിട്ട് 7 വരെ വൈപ്പിനിൽ നിന്നും ജങ്കാർ വഴി ഫോർട്ട്കൊച്ചിയിലേക്ക് പൊതുജനങ്ങളെ മാത്രം കടത്തി വിടും. വൈകിട്ട് 7 ന് ശേഷം റോറോ ജങ്കാർ സർവ്വീസും ബോട്ട് സർവീസും ഫോർട്ട്കൊച്ചിയിലേക്ക് ഉണ്ടാകില്ല. അതേ സമയം വൈപ്പിൻ ഭാഗത്തേക്ക് സർവീസ് ഉണ്ടാകും. രാത്രി 12 ന് ശേഷം സർവീസ് ഇരുഭാഗത്തേക്കും ഉണ്ടാകും.കൂടാതെ ഫോർട്ട്കൊച്ചിയിൽ ജനത്തിരക്ക് കൂടിയാൽ വൈകിട്ട് നാലിന് മുൻപ് തന്നെ സിഫ്റ്റ് ജംഗ്ഷൻ, തോപ്പുംപടി ബി.ഒ.ടി പാലം, കണ്ണങ്ങാട്ട്, ഇടക്കൊച്ചി, കുമ്പളങ്ങിപഴങ്ങാട്, കണ്ടക്കടവ് എന്നിവടങ്ങളിൽ വാഹനങ്ങൾ തടഞ്ഞ് ഗതാഗതം ക്രമപ്പെടുത്തും. ഫോർട്ട്കൊച്ചിയിലേക്കെത്തുന്ന എറണാകുളം, ഇടക്കൊച്ചി, തോപ്പുംപടി തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുള്ള സ്വകാര്യ/കെ.എസ്.ആർ.ടി.സി ബസ്സുകൾ, ഫോർട്ട്കൊച്ചിയിൽ തിരക്ക് ആകുന്നതുവരെ ബി.ഒ.ടി തോപ്പുംപടി കഴുത്തുമുട്ട് പറവാന പള്ളത്തുരാമൻ വെളി വഴി ഫോർട്ട്കൊച്ചി ബസ് സ്റ്റാന്റിൽ സർവ്വീസ് അവസാനിപ്പിച്ച് തിരികെ കുന്നുംപുറംഅമരാവതി വഴി തോപ്പുംപടി, എറണാകുളം ഭാഗത്തേക്ക് സർവ്വീസ് നടത്തണം. ഫോർട്ട്കൊച്ചിയിൽ തിരക്കായി കഴിഞ്ഞാൽ സ്വകാര്യ/ കെ.എസ്.ആർ.ടി.സി ബസ്സുകൾ കൊച്ചിൻ കോളേജ് ഗ്രൗണ്ടിൽ ഒരുക്കിയിരിക്കുന്ന താത്ക്കാലിക ബസ് സ്റ്റാൻഡിൽ സർവ്വീസ് അവസാനിപ്പിക്കും. ഫോർട്ട്കൊച്ചിയിൽ നിന്നും മടങ്ങി പോകുന്നവർക്ക് കൊച്ചിൻ കോളേജ് ഗ്രൗണ്ടിലെത്തി അവിടെ നിന്നും ബസ്സിൽ തിരികെ തോപ്പുംപടി, എറണാകുളം ഭാഗത്തേക്ക് പോകാം.കൊച്ചിൻ കോളേജ് ഗ്രൗണ്ടിൽ യാത്ര അവസാനിപ്പിക്കുന്ന ബസുകൾ അവിടെ നിന്നും പാണ്ടിക്കുടിസ്റ്റാച്യു ജംഗ്ഷൻകുമാർ പമ്പ് ജംഗ്ഷൻപരിപ്പ് ജംഗ്ഷൻ വഴി തോപ്പുംപടി, എറണാകുളം ഭാഗത്തേയ്ക്ക് തിരിച്ച് സർവ്വീസ് നടത്തണം. രാത്രി 12 ന് ശേഷം ബസ് സർവീസ് കൊച്ചിൻ കോളജ് ഗ്രൗണ്ട് ഭാഗത്ത് നിന്നും നഗരത്തിലേക്ക് ഉണ്ടാകും.

## ഡിസംബർ 31ന് വാഹനങ്ങൾ തടയുന്ന ഭാഗങ്ങൾ

ബി.ഒ.ടി, സിഫ്റ്റ് ജംഗ്ഷൻ, ബി.ഒ.ടി വെസ്റ്റ് ജംഗ്ഷൻ (കോടതിക്ക് സമീപം), ഇടക്കൊച്ചി കണ്ണങ്ങാട്ട് പാലം കിഴക്ക് ഭാഗം, പഷ്ണിത്തോട് പാലം, കുമ്പളങ്ങി പഴങ്ങാട് ജംഗ്ഷൻ, കണ്ടക്കടവ്, പപ്പങ്ങാമുക്ക്, ജൂബിലി ജംഗ്ഷൻ, മാന്ത്ര പാലം, പള്ളത്തുരാമൻ ജംഗ്ഷൻ, വെളി വെസ്റ്റ് ദ്രോണാചാര്യ റോഡ്, വെളി വെസ്റ്റ് കെ.ബി ജേക്കബ് റോഡ്.

## ജനത്തിരക്ക് നിയന്ത്രിക്കും

ഫോർട്ട്കൊച്ചിയിലും പരിസരത്തും ജനക്കൂട്ടത്തെ നിയന്ത്രിക്കുന്നതിനും സുരക്ഷ ഉറപ്പാക്കുന്നതിനുമായി താഴെ പറയുന്ന ക്രമീകരണങ്ങൾ ഏർപ്പെടുത്തും. പരേഡ് ഗ്രൗണ്ടിന്റെ ഉൾഭാഗം ശക്തമായ രീതിയിൽ ബാരിക്കേഡിങ്ങ് ചെയ്ത് നാല് സെഗ്മെന്റുകളായി ഓരോന്നിലേക്കും പ്രവേശിക്കുന്നതിനു പുറത്തു കടക്കുന്നതിനും പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തും. ഓരോ സെഗ്മെന്റുകൾക്കിടയിലും പോലീസ് ഉദ്യോഗസ്ഥരെ വിന്യസിക്കും. ഗ്രൗണ്ടിന്റെ അതിർത്തികളിൽ പരമാവധി എക്സിറ്റുകൾ സ്ഥാപിച്ച് ബാക്കി ഭാഗത്തെ ഫെൻസിങ്ങ് ശക്തമാക്കും. എല്ലാ എക്സിറ്റ് പോയിന്റുകളിലും എൽഇഡി എക്സിറ്റ് പോയിന്റുകൾ സ്ഥാപിക്കും. പരേഡ് ഗ്രൗണ്ടിൽ 2 വാച്ച് ടവർ സ്ഥാപിച്ച് ജനക്കൂട്ടത്തിന്റെ അവസ്ഥ നിരീക്ഷിക്കും. പപ്പാഞ്ഞി കത്തിക്കുന്നതിന് ചുറ്റും ശക്തമായ രീതിയിലുള്ള ഡബിൾ ലെയർ ബാരിക്കേഡ് സ്ഥാപിക്കും.ജനങ്ങൾക്ക് ആവശ്യമായ സുരക്ഷ മുൻകരുതൽ നൽകുന്നതിനായി കമാലക്കടവ് സൗത്ത് ബീച്ച്, വെളി ഗ്രൗണ്ട്, വാസ്ക്കോ സ്ക്വയർ എന്നിവടങ്ങളിൽ പബ്ലിക്ക് അഡ്രസ്സ് സിസ്റ്റം സ്ഥാപിക്കും.വൈദ്യുതി പോകാതിരിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. വൈദ്യുതി തടസപ്പെട്ടാൽ ഉടനടി ജനറേറ്റർ / അസ്ക ലൈറ്റ് എന്നിവ പ്രവർത്തിപ്പിക്കുന്ന രീതിയിലുള്ള സംവിധാനം സജ്ജീകരിക്കും.ജനങ്ങൾ കൂടുന്ന പ്രധാന സ്ഥലങ്ങളിലെല്ലാം മതിയായ സിസിടിവി കാമറകൾ സ്ഥാപിക്കും. പരേഡ് ഗ്രൗണ്ടിൽ വിദേശികൾക്കായി പ്രത്യേക സ്ഥലം ബാരിക്കേഡ് ചെയ്ത് തിരിക്കും. തിക്കും തിരക്കും ഒഴിവാക്കുന്നതിനുമായി പരേഡ് ഗ്രൗണ്ടിന് പുറത്ത് ചുറ്റിലും ബാരിക്കേഡുകൾ സ്ഥാപിക്കും. കമാലക്കടവിൽ കഴിഞ്ഞ വർഷത്തെപ്പോലുള്ള തിരിക്കിന്റെ സാഹചര്യം ഒഴിവാക്കുന്നതിന് ബാരിക്കേഡുകൾ സ്ഥാപിച്ച് സെഗ്മെന്റുകളായി തിരിച്ച് ജനങ്ങളെ നിയന്ത്രിക്കും. പരേഡ് ഗ്രൗണ്ട്, വെളി ജംഗ്ഷൻ, കമാലക്കടവ്, വാസ്ക്കോ സ്ക്വയർ, ബീച്ച് ഏരിയാ എന്നിവടങ്ങളിൽ അസ്ക്കാ ലൈറ്റുകൾ സ്ഥാപിക്കും.12 മണിക്ക് മുമ്പ് തന്നെ പുറത്തേയ്ക്കുള്ള യാത്ര സുഗമമാക്കുന്നതിന് എല്ലാ ബാരിക്കേഡുകളും മാറ്റി നിയന്ത്രണങ്ങൾ ഒഴിവാക്കും.തിരക്കു കൂടിയാൽ ഫോർട്ട്കൊച്ചിക്ക് പുറത്ത് ഡൈവേർഷൻ /ബ്ലോക്കിങ്ങ് പോയിന്റുകളായി മാർക്ക് ചെയ്തിട്ടുള്ള സ്ഥലങ്ങളിൽ വാഹനങ്ങൾ നിയന്ത്രിക്കും.രാത്രി 12 മണിക്ക് തന്നെ പരേഡ് ഗ്രൗണ്ടിന് പരിസരത്തുള്ള ബാരിക്കേഡുകൾ മാറ്റി പുറത്തേക്കുള്ള യാത്ര സുഗമാക്കും. പ്രത്യേക പോലീസ് ഇവാക്കുവേഷൻ ടീമിനെ സജ്ജമാക്കും.സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ, നിയമ വിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് മഫ്തിയിൽ വനിതാ പോലീസുകാർ ഉൾപ്പെടെ ഉണ്ടാകും. മദ്യപിച്ച് വാഹനം ഓടിക്കുന്നവരേയും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെയും കണ്ടെത്തുന്നതിനായി 31ന് രാവിലെ മുതൽ പശ്ചിമക്കൊച്ചിയിൽ കർശന പോലീസ് പരിശോധന ഉണ്ടായിരിക്കും. കോസ്റ്റൽ പോലീസിന്റെ മുഴുവൻ സമയ ബോട്ട് പട്രോളിങ്ങ് ഉണ്ടാകും. ഫോർട്ട്കൊച്ചി പോലീസ് സ്റ്റേഷനോട് ചേർന്ന് പ്രത്യേക പോലീസ് കൺട്രോൾ റും പ്രവർത്തിക്കും.

## പൊതുനിർദ്ദേശങ്ങൾ

ഉച്ചക്ക് രണ്ടു മുതൽ കാർണിവൽ അവസാനിക്കുന്നത് വരെ പൊതുജനങ്ങൾക്ക് ആവശ്യമായ മെഡിക്കൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ഡോക്ടർമാർ ഉൾപ്പെടുന്ന മെഡിക്കൽ സംഘങ്ങളുടെ സേവനം ഉറപ്പാക്കും. തിരക്ക് അനുഭവപ്പെടാൻ സാധ്യതയുള്ള പരേഡ് ഗ്രൗണ്ടിന്റെ നാലു വശങ്ങളിലും, വെളി ഗ്രൗണ്ട്, വാസ്കോ സ്ക്വയർ, കമാലക്കടവ് എന്നിവിടങ്ങളിൽ ആരോഗ്യ പ്രവർത്തകർക്കൊപ്പം ആംബുലൻസ് സൗകര്യങ്ങൾ ഉണ്ടായിരിക്കും. സമീപ പ്രദേശങ്ങളിലെ സ്വകാര്യ ആശുപത്രികളിലും മുഴുവൻ സമയം ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തും. ഫിഷറീസ് വകുപ്പിന്റെ വാട്ടർ ആംബുലൻസ് സേവനവും ഉണ്ടാകും. പരേഡ് ഗ്രൗണ്ടിന്റെ സമീപ പ്രദേശത്തുള്ള ജയിൽ ഓഫ് ഫ്രീഡം സ്ട്രഗിൾ കെട്ടിടത്തിൽ താൽക്കാലിക ആശുപത്രി സജ്ജീകരിക്കും. കൊച്ചി ആസ്റ്റർ മെഡ്സിറ്റി യുടെ സഹകരണത്തോടെയാണിത്. ഫോർട്ട്കൊച്ചി താലൂക്ക് ആശുപത്രിയിലും മറ്റുള്ള മെഡിക്കൽ സംഘങ്ങൾക്കൊപ്പവും വിഎച്ച്എഫ് സെറ്റുള്ള പോലീസ് ഉദ്യോഗസ്ഥർ ഉണ്ടായിരിക്കും. പരേഡ് ഗ്രൗണ്ടിലും കാർണിവൽ പ്രദേശങ്ങളിലും ആവശ്യമായ ഫയർ ഫോഴ്സ് വാഹന സൗകര്യം, സ്ക്യൂബാ ടീം, ബോട്ട് പെട്രോളിങ് എന്നിവ ഏർപ്പെടുത്തും.

# സൈബർപാർക്കിൽ ന്യൂ ഇയർ ആഘോഷം



**കോഴിക്കോട് :** സർക്കാർ സൈബർപാർക്കിൽ ടെക്കികളുടെ ന്യൂ ഇയർ ആഘോഷം സംഘടിപ്പിച്ചു. മ്യൂസിക്കും ആർട്ടും ഡാൻസും കൂട്ടിച്ചേർത്ത് മാഡ് എന്ന പേരിൽ സംഘടിപ്പിച്ച പരിപാടിയിൽ സൈബർപാർക്കിലെ വിവിധ കമ്പനികളിലെ ജീവനക്കാർ റാംപ് വാക്ക്, ഡാൻസ്, മ്യൂസിക്ക്, ഡി.ജെ തുടങ്ങിയ കലാ പരിപാടികൾ അവതരിപ്പിച്ചു. സൈബർപാർക്കിലെ 84 കമ്പനികളുടെ ലോഗോ ഉൾപ്പെടുത്തിയ കേക്ക് സൈബർപാർക്ക് ജനറൽ മാനേജർ വിവേക് നായരും കമ്പനികളെ പ്രതിനിധീകരിച്ചു കാഫിറ്റ് സെക്രട്ടറിയും ഗെറ്റ്‌ലീഡ് സി.ഇ.ഓയുമായ അഖിൽ കൃഷ്ണയും ചേർന്ന് മുറിച്ച് ആഘോഷങ്ങൾക്ക് തുടക്കമിട്ടു. സർക്കാർ സൈബർപാർക്കിലെ ജീവനക്കാർ പങ്കെടുത്തു.

# മലൈക്കോട്ടൈ വാലിബനിലെ 'റാക്ക്' ഗാനം റിലീസായി

**കൊച്ചി:**ലിജോ ജോസ് പെല്ലിശ്ശേരിയുടെമലൈക്കോട്ടൈ വാലിബന്റെ 'റാക്ക്' ഗാനം റിലീസായി. 2024 ജനുവരി 25 നാണ് മലൈക്കോട്ടൈ വാലിബൻ തിയേറ്ററുകളിലേക്കെത്തുന്നത്. സൊണാലി കുൽക്കർണി, ഹരീഷ് പേരടി, ഡാനിഷ് സെയ്ത്, മനോജ് മോസസ്, കഥ നന്ദി, മണികണ്ഠൻ ആചാരി തുടങ്ങി നിരവധി താരങ്ങളാണ് ചിത്രത്തിൽ പ്രധാന വേഷങ്ങളിലെത്തുന്നത്. ജോൺ ആൻഡ് മേരി ക്രിയേറ്റിവിസ്, സെഞ്ചുറി ഫിലിംസ്, മാക്സ് ലാബ്, സരിഗമ ഇന്ത്യാ ലിമിറ്റഡ് എന്നിവരാണ് ചിത്രത്തിന്റെ നിർമ്മാതാക്കൾ. പി എസ് റഫീക്കാണ തിരക്കഥ. മധു നീലകണ്ഠൻ ക്യാമറ ചലിപ്പിക്കുന്നു.സംഗീതം നിർവഹിക്കുന്നത് പ്രശാന്ത് പിള്ളയാണ്. ദീപു ജോസഫ് എഡിറ്റിംഗ്. മേക്കപ്പ് റോണക്സ് സേവ്യർ. പി ആർ ഓ പ്രതീഷ് ശേഖർ.



# ഇന്റർനാഷണൽ ഫിഷറീസ് കോൺഗ്രസ് കുഫോസിൽ

**കൊച്ചി:** വിവിധ രാജ്യങ്ങളിലായി പ്രവർത്തിക്കുന്ന ഫിഷറീസ് ശാസ്ത്രജ്ഞരുടെയും സമുദ്രോൽപ്പന്ന കയറ്റുമതി വ്യവസായികളുടെയും അന്താരാഷ്ട്ര സമ്മേളനമായ ഇന്റർനാഷണൽ ഫിഷറീസ് കോൺഗ്രസ് ആന്റ് എക്സ്പോ ജനുവരി 12 മുതൽ 14 വരെ കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയിൽ (കുഫോസ്) നടക്കും. പനങ്ങാട് ഫിഷറീസ് കോളേജിന്റെ പൂർവ്വവിദ്യാർത്ഥി സംഘടനയായ കോഫ്പയുമായി (ഇഛരഎജഅഅ) സഹകരിച്ചാണ് ഫിഷറീസ് കോൺഗ്രസ് സംഘടിപ്പിക്കുന്നത്. കേരളം ഇത് ആദ്യമായാണ് അന്താരാഷ്ട്ര ഫിഷറീസ് കോൺഗ്രസിന് വേദിയാകുന്നത്. വിവിധ രാജ്യങ്ങളിൽ നിന്നായി 500 ഓളം പ്രതിനിധികൾ ഫിഷറീസ് കോൺഗ്രസിൽ പങ്കെടുക്കുമെന്ന് കുഫോസിന്റെ വൈസ് ചാൻസലറും ഫിഷറീസ് കോൺഗ്രസിന്റെ പാട്രണുമായ ഡോ.ടി.പ്രദീപ് കുമാർ അറിയിച്ചു.് ബ്ലൂ ഇക്കോണമിയിലെ സാദ്ധ്യതകൾ എങ്ങിനെ പ്രയോജനപ്പെടുത്താം എന്നതാണ് ഫിഷറീസ് കോൺഗ്രസ് പ്രധാനമായും ചർച്ച ചെയ്യുക. ആവാസ വ്യവസ്ഥകളുടെ സംന്തുലിത സംരക്ഷണം, മത്സ്യകൃഷിയിലെ ആധുനിക സങ്കേതങ്ങളും സാങ്കേതിക വിദ്യകളും , കാലാവസ്ഥ വ്യതിയാനം സൃഷ്ടിക്കുന്ന വെല്ലുവിളികളും അവസരങ്ങളും, ജലകൃഷിയിലെ നൂതന സങ്കേതങ്ങളും ആശയങ്ങളും, സമുദ്രോൽപ്പന്നങ്ങളുടെ സംസ്കരണവും ലോക വ്യാപാരവും , ഫിഷറീസ് മേഖലയുടെ സാമൂഹികവും സാംസ്കാരികവുമായ പ്രാധാന്യം, സമുദ്രവും മത്സ്യബന്ധനവുമായി ബന്ധപ്പെട്ട നയങ്ങളുടെയും നിയമങ്ങളുടെയും പരിഷ്കരണം എന്നീ ആറ് പ്രധാന സെഷനുകളായി ഫിഷറീസ് കോൺഗ്രസിനെ തിരിച്ചിട്ടുണ്ട്. ഓരോ സെഷനുകളിലെയും പ്രബന്ധങ്ങൾ പ്രത്യേകം വേദികളിലായിരിക്കും അവതരിപ്പിക്കുക.ഫിഷറീസ് മേഖലയിൽ പ്രവർത്തിക്കുന്ന ഇന്ത്യയിലെ എല്ലാ സ്ഥാപനങ്ങളും സർവ്വകലാശാലകളും ഫിഷറീസ് കോൺഗ്രസിൽ പങ്കെടുക്കും. നോർത്തേൺ ടെറിറ്റി ഫിഷറീസ് ആസ്ട്രേലിയ, വുമൺ ഇൻ ഫിഷറീസ് യു.കെ, ബേ ഓഫ് ബംഗാൾ പ്രൊജക്ട്, കിങ്ങ് അബ്ദുള്ള യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജിസൌദി അറേബ്യ. യൂണിവേഴ്സിറ്റി ഓഫ് കാലിഫോർണിയ, യൂണിവേഴ്സിറ്റി ഓഫ് തയ് വാൻ, വിയറ്റ്നാം നാഷണൽ യൂണിവേഴ്സിറ്റി എന്നീ ഗവേഷണ സ്ഥാപനങ്ങളാണ് വിദേശ രാജ്യങ്ങളിൽ നിന്ന് പങ്കെടുക്കുന്നത്. ഇതിന് പുറമേ നെതർലാന്റ്സ്, യു.കെ, യു.എ.ഇ, യു.എസ്.എ , ഇന്തോനേഷ്യ, ജർമ്മനി, മെക്സിക്കോ, ഒമാൻ , ന്യൂസീലാന്റ് എന്നീ രാജ്യങ്ങളിൽ നിന്നുള്ള ഗവേഷകരും സംരംഭകരും കയറ്റുമതി / ഇറക്കുമതി വ്യവസായികളും ഫിഷറീസ് കോൺഗ്രസിൽ പങ്കെടുക്കും. സ്വദേശത്തെയും വിദേശത്തെയും പ്രധാന സ്ഥാപനങ്ങളുടെ സ്റ്റാളുകൾ ഫിഷറീസ് കോൺഗ്രസിനോട് അനുബന്ധിച്ച് സംഘടിപ്പിക്കുന്ന എക്സ്പോയിൽ ഉണ്ടാകും.മൂന്ന് ദിവസത്തെ കോൺഗ്രസിൽ ഉരുത്തിരിയുന്ന നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും കേന്ദ്ര ഫിഷറീസ് മന്ത്രാലയത്തിനും ഐക്യ രാഷ്ട്ര സഭയുടെ ഭക്ഷ്യ കാർഷിക സംഘടനക്കും സമർപ്പിക്കുമെന്ന് ഓർഗനൈസിങ്ങ് സെക്രട്ടറി ഡോ.ജിജോ ഇട്ടൂപ്പ് പറഞ്ഞു.

## വാക്ഇൻഇന്റർവ്യൂ

**തിരുവനന്തപുരം** :തിരുവനന്തപുരം സർക്കാർ ജില്ലാ ഹോമിയോ ആശുപത്രിയിൽ രണ്ട് മൾട്ടി പർപ്പസ് ജീവനക്കാരുടെ താത്കാലിക ഒഴിവിൽ വാക്ഇൻഇന്റർവ്യൂ ജില്ലാപഞ്ചായത്ത് കാര്യാലയത്തിൽ ജനുവരി നാലിന് രാവിലെ 11ന് നടക്കും. ജി.എൻ.എം നഴ്സിങ്, ഹോമിയോ മരുന്നുകൾ കൈകാര്യം ചെയ്തുള്ള പ്രവൃത്തിപരിചയം അഭികാമ്യം. പ്രായപരിധി 40 വയസ്. പ്രതിമാസ വേതനം 15,000 രൂപ. താത്പര്യമുള്ളവർ ബയോഡാറ്റ, വയസ്, യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്നതിനുള്ള അസൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളും സഹിതം ഇന്റർവ്യൂവിന് ഹാജരാകണം.

## തെരഞ്ഞെടുത്തു

**തിരുവനന്തപുരം** :പതിനഞ്ചാം കേരള നിയമസഭയിലെ സാമാജികരെ ഉൾപ്പെടുത്തിയുള്ള നിയമസഭ എസ്റ്റിമേറ്റ്സ് കമ്മിറ്റി അംഗങ്ങളെ2023ഡിസംബർ 7 മുതൽ പ്രാബല്യം നൽകി തെരഞ്ഞെടുത്തു. കെ. ബാബു (തൃപ്പൂണിത്തുറ), പി.പി. ചിത്തരഞ്ജൻ, ജി.എസ്. ജയലാൽ, കോവൂർ കുഞ്ഞുമോൻ, എം.എം. മണി, മുരളി പെരുനെല്ലി, തിരുവഞ്ചൂർ രാധാകൃഷ്ണൻ, പി.ടി.എ. റഹീം, രാമചന്ദ്രൻ കടന്നപ്പള്ളി, എൻ. ഷംസുദ്ദീൻ, കെ.കെ. ശൈലജ ടീച്ചർ എന്നിവരെയാണ് അംഗങ്ങളായി തെരഞ്ഞെടുത്തത്. കമ്മിറ്റി ചെയർപേഴ്സണായി കെ.കെ. ശൈലജ ടീച്ചറെ നിയമിച്ചു.

# ഇലക്ട്രിക് വാഹന വിപണിയിൽ വൻ കുതിപ്പിന് ഓഡി ഇന്ത്യ




**കൊച്ചി:** ഇലക്ട്രിക് വാഹന വിപണിയിൽ വൻ കുതിപ്പിനൊരുങ്ങി ഓഡി ഇന്ത്യ.ഓഡി ഇന്ത്യ അടുത്തിടെ മുംബൈയിലെ ബാന്ദ്ര കുർല കോംപ്ലക്സിൽ ഇന്ത്യയിലെ ആദ്യത്തെ അൾട്രാ ഫാസ്റ്റ് ചാർജിംഗ് ഇട്രോൺ ഹബ് ആരംഭിച്ചു. ചാർജ്സോണുമായി സഹകരിച്ച് രൂപകൽപ്പന ചെയ്ത് വികസിപ്പിച്ചിട്ടുള്ള ഈ അൾട്രാഫാസ്റ്റ് ചാർജറിന് 450 കിലോവാട്ട് ശേഷിയാണുള്ളത്. വൈദ്യുത വാഹനത്തിന് 360 കിലോവാട്ട് പവർ ലഭ്യമാക്കും. ഉയർന്ന പ്രവർത്തനക്ഷമതയും കാര്യക്ഷമതയും ഉറപ്പാക്കുന്നതിന് 500 ആംപ്സ് ലിക്വിഡ്കൂൾഡ് ഗണ്ണും സജ്ജമാക്കിയിട്ടുണ്ട്. സുസ്ഥിരതയോടുള്ള ഓഡിയുടെ മുൻഗണനയ്ക്ക് അനുസൃതമായി ഹരിത ഊർജമാണ് ഇട്രോൺ ഹബ്ബിൽ ഉപയോഗിക്കുന്നത്. ഇട്രോൺ ഹബ്ബിന്റെ ലൈറ്റിംഗ് ഉൾപ്പടെയുള്ള വൈദ്യുത ആവശ്യങ്ങൾ നിറവേറ്റുന്നതിന് സോളാർ റൂഫും പ്രവർത്തിക്കുന്നു. 2021 ൽ അഞ്ച് ഇലക്ട്രിക് കാറുകൾ ഇന്ത്യയിൽ അവതരിപ്പിച്ച ഓഡി ഇന്ത്യ നിലവിൽ ആഡംബര ഇവികളുടെ ഏറ്റവും വിപുലമായ ഉത്പന്ന ശ്രേണിയുള്ള കമ്പനിയാണ്. ഓഡി ക്യു8 50 ഇട്രോൺ, ഓഡി ക്യു8 55 ഇട്രോൺ, ഓഡി ക്യു8 സ്പോർട്ട് ബാക്ക് 50 ഇട്രോൺ, ഓഡി ക്യു8 സ്പോർട്ട് ബാക്ക് 55 ഇട്രോൺ, ഓഡി ഇട്രോൺ ജിടി, ഓഡി ആർ എസ് ഇട്രോൺ ജിടി എന്നീ ആറു കാറുകൾക്കും ഉപഭോക്താക്കളിൽ നിന്ന് അഭൂതപൂർവ്വമായ പ്രതികരണമാണ് ലഭിച്ചത്. ഒറ്റ ആപ്പ് വഴി വിവിധ ഇലക്ട്രിക് വെഹിക്കിൾ ചാർജിംഗ് പാർട്ട്ണർമാരിലേക്ക് ഓഡി ഇട്രോൺ ഉപഭോക്താക്കൾക്ക് ആക്സസ് ലഭിക്കുന്ന വൺ സ്റ്റോപ്പ് പരിഹാരമാർഗം എന്ന നിലയിൽ മൈ ഓഡി കണക്ട് ആപ്പിൽ ചാർജ് മൈ ഓഡി സംവിധാനം ഈ വർഷമാദ്യം ഓഡി ഇന്ത്യ അവതരിപ്പിച്ചിരുന്നു. ആർഗോ ഇവി സ്മാർട്ട്, ചാർജ് സോൺ, റീലക്സ് ഇലക്ട്രിക്, ലയൺ ചാർജ് സിയോൺ ചാർജിംഗ് എന്നീ അഞ്ച് ചാർജിംഗ് പാർട്ട്ണർമാരാണ് ന്യുമോസിറ്റി ടെക്നോളജീസ് ഇഎംഎസ്പി റോമിംഗ് സൊല്യൂഷൻസ് തയാറാക്കിയ ആപ്ലിക്കേഷനിലുള്ളത്.ഇന്ത്യയിലെ 73 നഗരങ്ങളിലായി 140 ലധികം ചാർജറുകളാണ് ഓഡി ഇന്ത്യ സ്ഥാപിച്ചിട്ടുള്ളത്. ഓഡി ഇന്ത്യ ഡീലർഷിപ്പുകൾ, വർക്ക്ഷോപ്പ് ഫെസിലിറ്റികൾ, രാജ്യത്തെ തന്ത്രപ്രധാന ദേശീയപാതകളിലുടനീളമുള്ള തിരഞ്ഞെടുക്കപ്പെട്ട എസ് എ വി ഡബ്ല്യു ഐ പി എൽ ഗ്രൂപ്പ് ബ്രാൻഡ് ഡീലർഷിപ്പുകൾ എന്നിവയിലുൾപ്പടെയാണിത്.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !

THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% GUARANTEED
ISO 9001
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663